**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3274** **08-10-2025 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിലെ ചെങ്ങോട്ടുകാവ്-നന്തി റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിലവിൽ ദേശീയപാതയുടെ ഭാഗമായ ചെങ്ങോട്ടുകാവ്-നന്തി റോഡ് ദേശീയപാതാ അതോറിറ്റിയുടെ കയ്യിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിലവിൽ ദേശീയപാതയുടെ ഭാഗമായ ചെങ്ങോട്ടുകാവ്-നന്തി റോഡിന്റെ പരിപാലനച്ചുമതല നിലവിൽ ദേശീയപാത അതോറിറ്റിയിൽ നിക്ഷിപ്തമാണ്. ഈ ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾക്കായി M/s Azhiyur Vengalam Road Pvt. Ltd. എന്ന കമ്പനിയെ നിയോഗിച്ചിട്ടുണ്ട്. നന്തി മുതൽ ചെങ്കോട്ട് കാവ് വരെ പുതിയ ദേശീയപാത 66 നിർമ്മാണത്തിന്റെ ഭാഗമായി കൊയിലാണ്ടി ബൈപാസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതായും, ഈ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലെ ദേശീയപാതയുടെ ഭാഗം സംസ്ഥാന സർക്കാരിന് കൈമാറും എന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>നന്തി മുതൽ ചെങ്കോട്ട് കാവ് വരെയുള്ള പഴയ ദേശീയപാത നവീകരിക്കുന്നതിന് 25 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ദേശീയപാത അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട് എങ്കിലും അനുമതി ലഭ്യമായിട്ടില്ല. |
| (ബി) | പ്രസ്തുത റോഡിന്റെ പരിപാലന ചുമതല നിലവിൽ ആർക്കാണെന്ന് വ്യക്തമാക്കാമോ? | (ബി) | എ പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ